# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1047** **21/03/2013 ൽ മറുപടിക്ക്**

## പഠന വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പഠന വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന റിസോഴ്സ് അധ്യാപകരെ നിയമിക്കുവാൻ 2012-13 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ എത്ര തുക ലഭ്യമാക്കി; ആയതിൽ എത്ര തുക ചെലവഴിച്ചു; ആഴ്ചകൾ മാത്രം അവശേഷിക്കവെ എത്ര തുക ഇനിയും ചെലവഴിക്കാനുണ്ട്; വ്യക്തമാക്കുമോ; | എ) | പൊതു വിദ്യാഭ്യാസ വകുപ്പിൽ IEDS റിസോഴ്സ് അധ്യാപകർക്ക് 9,82,52,000/- രൂപ കേന്ദ്ര സർക്കാർ അനുവദിച്ചതിൽ 9, 22,32,019/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 60,19,981/- രൂപ ചെലവഴിക്കാനുണ്ട്. സർവ ശിക്ഷാ അഭിയാനിൽ 2012-13 വാർഷിക പദ്ധതിയിൽ റിസോഴ്സ് അധ്യാപകരുടെ നിയമനത്തിനും ശമ്പളത്തിനുമായി അനുവദിച്ച 2427 ലക്ഷം രൂപ പൂർണമായും ചെലവഴിച്ചിട്ടുണ്ട്. |
| ബി) | കേന്ദ്രം പണം നൽകിയിട്ടും വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ശമ്പള സ്കെയിൽ നാളിതുവരെ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ: | ബി) | നിലവിൽ കരാർ നിയമനത്തിലാണ് റിസോഴ്സ് അധ്യാപകരെ നിയമിക്കുന്നത്. കേന്ദ്ര സഹായത്താൽ നിലവിലുള്ള പദ്ധതിയായതിനാൽ ശമ്പള സ്കെയിലിന്റെ കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്. |
| സി) | വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന എത്ര അധ്യാപകരാണ് നിലവിൽ സംസ്ഥാനത്തുള്ളത്; ഇവർ എത്ര വർഷമായി ജോലി നോക്കി വരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | സി) | എസ്.എസ്.എ യുടെ കീഴിൽ 14 ജില്ലകളിലുമായി 1618 റിസോഴ്സ് അദ്ധ്യാപകർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. ഇവരെ ഓരോ വർഷവും കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ 622 പേർ റിസോഴ്സ് |

അധ്യാപകരായി ജോലി ചെയ്യുന്നു. ഇതിൽ 10 വർഷത്തിലധികമായി ജോലി ചെയ്യുന്നവരുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

ഡി) ഇത്തരം അധ്യാപകർക്ക് ഡിയർനസ് അലവൻസോ, പ്രോവിഡന്റ് ഫണ്ടോ മറ്റു ആനുകൂല്യങ്ങളോ ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

ഡി) സർവ ശിക്ഷാ അഭിയാനിൽ 2011-12 വർഷത്തിന് മുമ്പ് നിയമിതരായവരും കരാർ പുതുക്കിവരുന്നവരുമായ റിസോഴ്സ് അധ്യാപകർക്ക് ഇ.പി.എഫ്. ആനുകൂല്യം നൽകി വരുന്നു.

ഇ) ബിഎഡിന് പുറമെ രണ്ട് വർഷത്തെ സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമയും പാസ്സായ ഇത്തരം അധ്യാപകർക്ക് ആന്ധ്ര, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിലെ അധ്യാപകർക്ക് ഉള്ളതുപോലെ ശമ്പള സ്കെയിലും, ആനുകൂല്യങ്ങളും നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഇ) നിലവിൽ പരിഗണനയിലില്ല

സെക്ഷൻ ഓഫീസർ

# അനുബന്ധം – I

| ക്രമ നമ്പർ | ജില്ല | റിസോഴ്സ് അധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 131 |
| 2 | കൊല്ലം | 114 |
| 3 | പത്തനംതിട്ട | 90 |
| 4 | ആലപ്പുഴ | 112 |
| 5 | കോട്ടയം | 79 |
| 6 | ഇടുക്കി | 122 |
| 7 | എറണാകുളം | 156 |
| | എറണാകുളം(മെട്രോ) | 7 |
| 8 | തൃശ്ശൂർ | 161 |
| 9 | പാലക്കാട് | 136 |
| 10 | മലപ്പുറം | 152 |
| 11 | കോഴിക്കോട് | 131 |
| 12 | വയനാട് | 37 |
| 13 | കണ്ണൂർ | 125 |
| 14 | കാസർഗോഡ് | 65 |
| ആകെ | | 1618 |

Unsanie devi P

അനുബന്ധം-2

| ക്രമ.നം. | ജില്ല | റിസോഴ്സ് അധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 87 |
| 2 | കൊല്ലം | 50 |
| 3 | പത്തിനംതിട്ട | 27 |
| 4 | ആലപ്പുഴ | 26 |
| 5 | കോട്ടയം | 44 |
| 6 | ഇടുക്കി | 34 |
| 7 | എറണാകുളം | 64 |
| 8 | തൃശ്ശൂർ | 53 |
| 9 | പാലക്കാട് | 36 |
| 10 | മലപ്പുറം | 51 |
| 11 | കോഴിക്കോട് | 64 |
| 12 | വയനാട് | 26 |
| 13 | കണ്ണൂർ | 36 |
| 14 | കാസറഗോഡ് | 24 |